പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1185 12/03/2015-ലെ മറുപടിക്ക്

**പെരുനാട് എ. വി. ടി. എസ്റ്റേറ്റ് മിച്ചഭൂമി**

**ചോദ്യം**
ശ്രീ. രാജു എബ്രഹാം

**മറുപടി**
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പെരുനാട് എ.വി.ടി. എസ്റ്റേറ്റിന്റെ ഉടമസ്ഥതയിൽ എത്ര ഏക്കർ സ്ഥലമാണ് ഉള്ളതെന്നും എത്ര ഏക്കർ ഭൂമിയുടെ കരമാണ് അവർ വില്ലേജിൽ ഒടുക്കുന്നതെന്നും വ്യക്തമാക്കാമോ; | (എ) | പെരുനാട് എ.വി.ടി. എസ്റ്റേറ്റിന്റെ ഉടമസ്ഥതയിൽ 363.88.68 ഹെക്ടർ സ്ഥലമാണ് ഉള്ളത്. ഈ ഭൂമിക്ക് കരം ഒടുക്കി വരുന്നു. |
| (ബി) | ഈ എസ്റ്റേറ്റിൽ മിച്ചഭൂമി ഉൾപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമി എന്നും വ്യക്തമാക്കാമോ; | (ബി) | ഈ എസ്റ്റേറ്റിൽ മിച്ചഭൂമി ഉണ്ടോയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. |
| (സി) | പെരുനാട് എ.വി.ടി. എസ്റ്റേറ്റിന്റെ കൈവശമുള്ള ഭൂമി സർക്കാർ അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്നും രേഖയിൽ ഉള്ളതിനേക്കാൾ എത്ര ഏക്കർ അധികഭൂമി ഇവരുടെ പക്കലുണ്ടെന്നും വിശദമാക്കാമോ; | (സി) | പെരുനാട് വില്ലേജിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. എസ്റ്റേറ്റ് കൈവശമുള്ള ഭൂമി അളന്ന് പരിശോധിച്ചെങ്കിൽ മാത്രമേ ടി കമ്പനി കൈവശം അധിക ഭൂമിയുണ്ടോയെന്ന് അറിയുവാൻ കഴിയൂ. |
| (ഡി) | എ.വി.ടി. പെരുനാട് എസ്റ്റേറ്റിലെ മിച്ചഭൂമിയിൽ നിന്നും തടി മുറിച്ച കടത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പരാതിയുടെ അടിസ്ഥാനത്തിൽ എന്തുനടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ? | (ഡി) | പരാതി ലഭിച്ചിട്ടുണ്ട്. അന്വേഷണത്തിൽ എസ്റ്റേറ്റ് കൈവശം വച്ചിരിക്കുന്ന സ്വകാര്യഭൂമിയിൽ നിന്നുമാണ് ആവർത്തനകൃഷി ചെയ്യുന്നതിനായി റബർ മരങ്ങൾ മുറിച്ചുമാറ്റുന്നതെന്ന് കണ്ടതിനാൽ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ